"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡബ്ല്യു.എം.1/167/2024/LSGD
തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 05-08-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് (BWG) - തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന BWG കളുടെ വിവരശേഖരണത്തിനായുള്ള വിശദമായ നിർദ്ദേശം, സമയക്രമം എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**********************

മാലിന്യ മുക്ത നവകേരളം എന്ന ലക്ഷ്യം നേടുന്നതിനായി സംസ്ഥാനത്തെ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് (BWG)-കളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ BWG-കളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിലൂടെയും, എല്ലാ സ്ഥാപങ്ങളിലെയും മാലിന്യ സംസ്കരണം പൂർണ്ണമായും ശാസ്ത്രീയമായി നടക്കുന്നുവെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കുന്നതിലൂടെയും സംസ്ഥാനത്തെ വലിയൊരു വിഭാഗം മാലിന്യ ഉത്പാദകരുടെ മാലിന്യ സംസ്കരണം ശാസ്ത്രീയമാക്കി മാറ്റാൻ സാധിക്കും. ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാങ്ങൾ സ്വന്തമായി ഇല്ലാത്ത BWG-കൾ മാലിന്യം കൈമാറുന്ന ഏജൻസികളുടെ പ്രവർത്തനങ്ങളും ശാസ്ത്രീയമായി നടക്കുന്നുവെന്ന് ഉറപ്പാക്കാൻ ഈ പ്രവർത്തനങ്ങൾ വഴി സാധിക്കും. ആയതിലേക്കായി, തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന BWG കളുടെ വിവരശേഖരണത്തിനായുള്ള വിശദമായ നിർദ്ദേശം ചുവടെ ചേർക്കുംപ്രകാരം പുറപ്പെടുവിക്കുന്നു.

1. **ഖര മാലിന്യ പരിപാലന ചട്ടം പ്രകാരം സ്വീകരിക്കേണ്ട നടപടികളെപ്പറ്റി BWG / ഇതര സ്ഥാപനങ്ങളെ ബോധ്യപ്പെടുത്തൽ - തദ്ദേശ സ്ഥാപന തലത്തിൽ പ്രത്യേക യോഗം ഓഗസ്റ്റ് 15 മുതൽ 20 വരെ.പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ വിവരിക്കണം.**

- BWG-കളിൽ / ഇതര സ്ഥാപനങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത.
- BWG-കളിൽ/ ഇതര സ്ഥാപനങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്ന മാലിന്യ സംസ്കരണ ഉപാധികൾ പരിചയപ്പെടുത്തണം - ഉപയോഗം, വില, ലഭ്യത എന്നിവ വിവരിക്കണം.
- BWG-കളുടെ/ ഇതര സ്ഥാപനങ്ങളുടെ- സംഘടനകളുടെ കൂട്ടായ്മകൾ പൊതു മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യത.
- മാലിന്യം കൈമാറാൻ സാധിക്കുന്ന അംഗീകൃത ഏജൻസികളെ പരിചയപ്പെടുത്തൽ, മാലിന്യം കൈമാറ്റം ചെയ്യുമ്പോൾ ഉറപ്പാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച്.

- സംസ്കരണ സംവിധാനം ഇല്ലാത്ത BWG-കൾക്കെതിരെ / ഇതര സ്ഥാപനങ്ങൾക്ക് എതിരെയുള്ള നിയമ നടപടികൾ സംബന്ധിച്ച്.

2. **വിശദമായ വിവര ശേഖരണം**

- തദ്ദേശ സ്വയംഭരണ തലത്തിൽ വിവര ശേഖരണം
- ഹരിതമിത്രം ആപ്പ് ഉപയോഗിച്ച്
- വിവര ശേഖരണം നടത്തുന്നത്,

*പഞ്ചായത്ത് തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ/

വി.ഇ.ഒ

*നഗരസഭ/കോർപറേഷൻ തലത്തിൽ  ഹെൽത്ത്

ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

- ഉത്തരവാദിത്തം / മേൽനോട്ട ചുമതല,

പഞ്ചായത്ത് - സെക്രട്ടറി

നഗരസഭ/കോർപറേഷൻ- സെക്രട്ടറി

വിവവര ശേഖരണം പൂർത്തിയാക്കേണ്ട സമയ പരിധി - ഓഗസ്റ്റ് 25

**ശേഖരിക്കേണ്ട വിവരങ്ങൾ**

A. ജില്ല:

B. തദ്ദേശ സ്ഥാപനത്തിന്റെ പേര് :

C. കോർപറേഷൻ / നഗരസഭ / ഗ്രാമപഞ്ചയാത്ത് :

D. വാർഡ് നമ്പർ :

E. കെട്ടിട നമ്പർ/നമ്പറുകൾ :

F. BWG സ്ഥാപനത്തിന്റെ പേര് :

G. BWG സ്ഥാപനത്തിന്റെ തരം : വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫീസുകൾ, ആഡിറ്റോറിയം/കൺവെൻഷൻസെന്ററുകൾ, മാളുകൾ, റെസ്റ്റോറന്റ്, ഹോസ്റ്റൽ,

ഗോഡൗണുകൾ, വ്യവസായ ശാലകൾ, ഫാക്ടറികൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, എയർപോർട്ട്, സ്റ്റേഡിയം, ആശുപത്രി, സിനിമ തീയേറ്റർ, സർവീസ് സെന്റർ/വർക്ക്ഷോപ്പുകൾ, ഫ്ലാറ്റ്, ആരധനാലയങ്ങൾ, വിനോദസഞ്ചാര കേന്ദ്രം മറ്റുള്ളവ: ................................................................

H. ഉടമസ്ഥൻ / മാനേജരുടെ പേര് :

I. ഫോൺ നമ്പർ :

3. **ആദ്യഘട്ട പരിശോധന ആഗസ്റ്റ് 25 മുതൽ 31 വരെ**

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ BWG-കളിൽ പരിശോധന നടത്തുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ BWG-കളിൽ നിന്നും മാലിന്യം ശേഖരിക്കുന്ന ഏജൻസികളിൽ പരിശോധന നടത്തുക.

4. **മികച്ച രീതിയിൽ മാലിന്യ സംസ്കരണം നടത്തുന്ന BWG & ഏജൻസികൾക്ക് പ്രശംസ - ഒക്ടോബർ മാസം**

- ശാസ്ത്രീയമായ മാലിന്യ സംസ്കരണം നടത്തുന്ന BWG സ്ഥാപനങ്ങളെ കണ്ടെത്തി പ്രശംസ/അവാർഡ് നൽകുക.
- എല്ലാ BWG സ്ഥാപനങ്ങളെയും ഇത്തരത്തിൽ മികച്ച തരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള നടപടികൾ / ഐ.ഇ.സി പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ നടത്തുക.
- മികച്ച രീതിയിൽ BWG-കളിൽ നിന്നും മാലിന്യം ശേഖരിക്കുന്ന ഏജൻസികളെ കണ്ടെത്തി പ്രശംസ / അവാർഡ് നൽകുക
- BWG-കളിൽ നിന്നും മാലിന്യം ശേഖരിക്കുന്ന എല്ലാ ഏജൻസികളെയും ഇത്തരത്തിൽ മികച്ച തരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള നടപടികൾ / ഐ.ഇ.സി പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ നടത്തുക.

5. **നിയമ ലംഘനത്തിനെതിരെ കർശന നടപടികൾ - ഒക്ടോബർ മാസം**

- രണ്ടാം ഘട്ട പരിശോധനയ്ക്ക് ശേഷം ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്ത BWG സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി
- BWG-കളിൽ നിന്നും മാലിന്യം ശേഖരിക്കുന്ന അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന മാലിന്യ ശേഖരണ ഏജൻസികൾക്കെതിരെ നിയമ നടപടി.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 05-08-2024 11:25:38

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,
തിരുവനന്തപുരം.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും.
(തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ
മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ,
തിരുവനന്തപുരം.

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

ക്യാമ്പയിൻ സെക്രട്ടേറിയറ്റ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.